"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഹരിതകർമ്മസേനകളുടെ പ്രവർത്തനത്തിന് മൂന്നു മാസത്തേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് - അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.1250/2021/LSGD തീയതി,തിരുവനന്തപുരം, 02/07/2021

---

പരാമർശം:- 1. 26.03.2021-ലെ സ.ഉ.(സാധാ)നം.779/2021/തസ്വഭവ നമ്പർ ഉത്തരവ്

2. 16.04.2021-ലെ സ.ഉ.(സാ.ധാ)നം. 880/2021/തസ്വഭവ നമ്പർ ഉത്തരവ്

3. ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 06.05.2021-ൽ ചേർന്ന തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളുടെ യോഗത്തിലെ തീരുമാനം

4. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.05.2021- ലെ 984/C5/2021/SM നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹരിതകർമ്മസേനകളുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിച്ചിരുന്നു. വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞ് കിടക്കുന്നതിനാലും, കോവിഡ് രോഗികൾ, നിരീക്ഷണത്തിലുള്ളവർ എന്നിവരുടെ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുവാൻ സാധിക്കാത്തതിനാലും, മാലിന്യ ശേഖരണവും യൂസർഫീ ശേഖരണവും ഒരു പരിധിവരെ നടക്കാത്ത സാഹചര്യമുണ്ട്. കൂടാതെ, സംസ്ഥാനത്തെ നാല്പത് ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുന്ന നടപടികൾ നടന്നു വരുന്നതിനാൽ നിലവിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് അടിസ്ഥാന വരുമാനം പോലും ലഭിക്കാത്ത സാഹചര്യമുണ്ടെന്നും കോവിഡ്-19 മഹാമാരിക്കിടയിലും സജീവമായി പ്രവർത്തിക്കുന്ന ഹരിതകർമ്മസേനാംഗങ്ങൾക്ക് അടിസ്ഥാന വരുമാനം ഉറപ്പാക്കേണ്ടതുണ്ടെന്നും മേൽ സാഹചര്യത്തിൽ നിബന്ധനകൾക്ക് വിധേയമായി ഹരിതകർമ്മസേനാംഗങ്ങളുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകുന്നത് ഉചിതമായിരിക്കുമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹരിതകർമ്മസേനകളുടെ വരുമാനത്തിലെ കുറവ് പരിഹരിക്കുന്നതിന് ഹരിതകർമ്മസേനകളുടെ മൂന്നു മാസത്തെ പ്രവർത്തനത്തിന് (മാർച്ച്, ഏപ്രിൽ, മേയ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രവർത്തിക്കുന്ന ദിവസങ്ങളിൽ പരാമർശം (2) ഉത്തരവിൽ പ്രതിപാദിക്കുന്ന തുകയായ 750 രൂപ എന്ന അടിസ്ഥാന ദിവസവേതനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് അനുവദിക്കേണ്ടതാണ്. ഇത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.
2. യൂസർഫീ ഇനത്തിൽ ലഭിക്കുന്ന തുക, പാഴ് വസ്തുക്കൾ വിറ്റ് കിട്ടുന്ന തുക, മറ്റിനങ്ങളും ചേർത്ത് ഹരിതകർമ്മസേനയ്ക്ക് ലഭിക്കേണ്ടുന്ന പ്രതീക്ഷിത പ്രതിമാസ വരുമാനവും, പ്രതിമാസം ലഭിക്കുന്ന വരുമാനവും തമ്മിലുള്ള വ്യത്യാസം കണക്കാക്കുമ്പോൾ കുറവ് വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ടിലൂടെ അനുവദിക്കേണ്ടത്.
3. വാതിൽപ്പടി ശേഖരണം, പാഴ് വസ്തുക്കളുടെ തരംതിരിക്കൽ എന്നിവയൊഴികെ ഹരിതകർമ്മസേനാംഗങ്ങളെ മറ്റുചുമതലകൾക്ക് നിയോഗിക്കുമ്പോൾ (തിരഞ്ഞെടുപ്പ്, കോവിഡ് കേന്ദ്രങ്ങൾ, മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, അണുനശീകരണ പ്രവർത്തനങ്ങൾ തുടങ്ങിയവ) അതിനായി അതാത് സമയങ്ങളിലെ സർക്കാർ നിർദ്ദേശപ്രകാരം പ്രത്യേകമായി വേതന തുക അനുവദിച്ച് നൽകേണ്ടതാണ്.
4. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിൽ വരുമാനക്കുറവുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ഹരിതകർമ്മ സേനാംഗങ്ങൾക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് തുക നൽകാവുന്നതാണ്.
5. എല്ലാ സാഹചര്യങ്ങളും അനുകൂലമായിട്ടും വീട്ടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി ശേഖരണവും, യൂസർഫീ ശേഖരണവും കാര്യക്ഷമമായി നടത്തുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ ആയതിന്റെ ഭാഗമായ വരുമാനക്കുറവ് നികത്താൻ വയബിലിറ്റിഗ്യാപ് ഫണ്ട് തുക ഉപയോഗിക്കുന്നത് അനുവദനീയമല്ല.
6. പരാമർശം (1) ഉത്തരവിലെ ബന്ധപ്പെട്ട നിബന്ധനകൾ ടി വിഷയത്തിലും ബാധകമായിരിക്കും.
7. വാതിൽപ്പടി ശേഖരണം കാര്യക്ഷമമാക്കൽ, യൂസർഫീ ശേഖരണം കാര്യക്ഷമമാക്കൽ, നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കി പരമാവധി മാലിന്യം തരംതിരിച്ച് വിൽപ്പന നടത്തൽ, വയബിലിറ്റി ഗ്യാപ് ഫണ്ട് ആവശ്യമെങ്കിൽ അനുവദിക്കൽ, എല്ലാ മാസവും അഞ്ചാം തീയതിയ്ക്ക് മുൻപ് കൃത്യമായി വേതനം ഹരിതകർമ്മ സേനാംഗങ്ങളുടെ അക്കൗണ്ടിലേക്ക് നൽകൽ എന്നീ ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
8. ഹരിതകർമ്മസേനാ പ്രവർത്തനം നാളിതുവരെ കാര്യക്ഷമമാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഹരിതകർമ്മ സേനയുടെ പ്രവർത്തനം, വാതിൽപ്പടി ശേഖരണം എന്നിവ മൂന്ന് മാസത്തിനകം ഫലപ്രാപ്തിയിലെത്തിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമപഞ്ചായത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/. വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്